പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5118

23.03.2018-ൽ മറുപടിക്ക്

## ഇതര സംസ്ഥാനത്തൊഴിലാളികൾക്കുള്ള സാമൂഹ്യ ക്ഷേമ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാനത്തൊഴിലാളികളായി എത്ര പേർ കേരളത്തിൽ തൊഴിലെടുക്കുന്നുണ്ട്; സംസ്ഥാനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) കേരളത്തിൽ ആകെ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നു എന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് ഒരു സമ്പൂർണ്ണ കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 1,92,375 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 31.12.2017 വരെ 55,289 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) കേരളത്തിൽ തൊഴിലിനായി എത്തുന്ന ഇത്തരം തൊഴിലാളികളുടെ ആരോഗ്യ പരിശോധന, പോലീസ് വെരിഫിക്കേഷൻ എന്നിവ നടത്താറുണ്ടോ; | (ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണവകുപ്പ്) ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ആരോഗ്യവും ശുചിത്വവുമായി ബന്ധപ്പെട്ട് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ(സാ.ധാ) 960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കിയിട്ടില്ല. |

| | |
|---|---|
| (സി) ഏതെല്ലാം സാമൂഹ്യ ക്ഷേമ നടപടികളാണ് ഇപ്പോൾ ഇവർക്കായി സ്വീകരിച്ച വരുന്നത്; വിശദവിവരം നൽകുമോ? | (സി) ഇതരസംസ്ഥാനങ്ങളിൽ നിന്നുംവരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. ടി ക്ഷേമപദ്ധതി പ്രകാരം ചികിത്സാസഹായം (25,000/- രൂപ) ടെർമിനൽ ബെനിഫിറ്റ് (10,000/- രൂപ മുതൽ 25,000/- രൂപ വരെ) വിദ്യാഭ്യാസ ആനുകൂല്യം(1000/- മുതൽ 3000/- വരെ), അപകടമരണ ധനസഹായം (50,000/-രൂപ) ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (5,000/- രൂപ മുതൽ 15,000/-രൂപ വരെ) പ്രസവ ധനസഹായം(15,000/-രൂപ) തുടങ്ങി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷുറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷുറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആവാസ് പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ 2017 നവംബർ 1 മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| ക്രമ നമ്പർ | സംസ്ഥാനം | ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ |
|---|---|---|---|
| 1 | ആന്ധ്രാപ്രദേശ് | 958 | 168 |
| 2 | അരുണാചൽ പ്രദേശ് | 269 | 61 |
| 3 | ആസ്സാം | 27627 | 6036 |
| 4 | ഛത്തീസ്ഗഡ് | 875 | 46 |
| 5 | ഗോവ | 13 | - |
| 6 | ഗുജറാത്ത് | 80 | 13 |
| 7 | ഹരിയാന | 65 | 22 |
| 8 | ഹിമാചൽ പ്രദേശ് | 56 | 2 |
| 9 | ജമ്മു & കാശ്മീർ | 159 | 2 |
| 10 | ഝാർഖണ്ഡ് | 9473 | 1504 |
| 11 | കർണ്ണാടക | 3942 | 3990 |
| 12 | മദ്ധ്യപ്രദേശ് | 1344 | 371 |
| 13 | മഹാരാഷ്ട്ര | 391 | 47 |
| 14 | മണിപ്പൂർ | 224 | 20 |
| 15 | മേഘാലയ | 273 | - |
| 16 | മിസ്സോറാം | 38 | - |
| 17 | നാഗാലാൻറ് | 162 | 36 |
| 18 | ഒഡീഷ | 24384 | 8529 |
| 19 | പഞ്ചാബ് | 105 | 7 |
| 20 | രാജസ്ഥാൻ | 1101 | 198 |
| 21 | സിക്കിം | 50 | - |
| 22 | തമിഴ്നാട് | 15344 | 1467 |
| 23 | തെലുങ്കാന | 146 | - |
| 24 | ത്രിപുര | 497 | 13 |
| 25 | ഉത്തർപ്രദേശ് | 7794 | 1273 |
| 26 | ഉത്തരാഖണ്ഡ് | 465 | 199 |
| 27 | പശ്ചിമബംഗാൾ | 74317 | 25979 |
| 28 | ബീഹാർ | 21826 | 5263 |
| 29 | കേന്ദ്രഭരണ പ്രദേശങ്ങൾ | 397 | ഡൽഹി -41<br>ആൻ്റമാൻ & നിക്കോബാർ - 2 |
| | **ആകെ** | **1,92.375** | **55,289** |

സെക്ഷൻ ഓഫീസർ